ആദിവാസി വിഭാഗത്തിൽപ്പെട്ടവർ വരുമ്പോൾ ചെറിയ ചെറിയ രോഗികൾക്കു പോലും അഡ്മിഷൻ വേണമെങ്കിൽ അവിടെ കൊടുക്കാവുന്നതാണ്. അതിനുള്ള സൗകര്യവുമുണ്ട്. ഇതിനെ സംബന്ധിച്ച് പരിശോധിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ, എല്ലാ പി.എച്ച്.സി.കളേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്താൻ ഇനി സാധ്യമല്ല. ഇപ്പോൾ തന്നെ ഉയർത്തിയ ആശുപത്രികൾക്ക് അധികമായി ആവശ്യമായിട്ടുള്ള സ്റ്റാഫിനുവേണ്ടിയുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. അതിനുമുമ്പ് വീണ്ടും ഏതെങ്കിലും ഒരു ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുപകരം നിലനിൽക്കുന്ന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഒരു നല്ല ആശുപത്രിയായി പ്രവർത്തിക്കാൻ ആവശ്യമായ നടപടി ആരോഗ്യവകുപ്പ് സ്വീകരിക്കുന്നതാണ്.

(5) പ്രാദേശിക വികസന ഫണ്ട്

പ്രൊഫ. എൻ. ജയരാജ്: സർ, സഭയുടെ പൊതുവായിട്ടുള്ള ഒരു വികാരമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. എം.എൽ.എ. ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിച്ച് സഹായിക്കുക എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. മെറ്റീരിയൽസിന് വിലയും തൊഴിലാളികളുടെ വേതനവും വർദ്ധിച്ചതുമൂലം, പുതിയ ഷെഡ്യൂളുകൾ നിലവിൽ വന്നപ്പോൾ എം. എൽ. എ. ഫണ്ട് കൊണ്ട് നേരത്തെ ചെയ്യാൻ പറ്റുമായിരുന്ന പ്രവർത്തികൾ ചെയ്യാൻ കഴിയുകയില്ല. നേരത്തെ ഒരു ലക്ഷം രൂപയ്ക്ക് 80 മീറ്റർ റോഡ് ടാർ ചെയ്യാമായിരുന്നുവെങ്കിൽ ഇപ്പോൾ അത് 55 മീറ്ററായി കുറഞ്ഞു. കോൺക്രീറ്റിംഗ് നേരത്തെ 60 മീറ്റർ ചെയ്യാമായിരുന്നത് ഇപ്പോൾ 35 മീറ്ററായി കുറഞ്ഞു. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിലും ഇതേ പ്രശ്നം തന്നെയാണ്. മാത്രമല്ല, എം. എൻ. ഭവന നിർമ്മാണ പദ്ധതികൾക്കും സമ്പൂർണ്ണ വൈദ്യുതീകരണം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കും എം.എൽ.എ. ഫണ്ട് ഉപയോഗിക്കണമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വരുമ്പോൾ സ്വാഭാവികമായും അതിനെല്ലാം എം.എൽ.എ. ഫണ്ട് വിനിയോഗിക്കേണ്ട സാഹചര്യമുണ്ട്. മാത്രമല്ല, പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ട് രണ്ട് കോടി രൂപയിൽ നിന്ന് അഞ്ച് കോടി രൂപയായി വർദ്ധിപ്പിക്കാൻ പോവുകയാണ്. അതുകൊണ്ട് എനിക്ക് വളരെ വിനയപൂർവ്വം അപേക്ഷിക്കുവാനുള്ളത് എം.എൽ.എ.മാരുടെ പ്രാദേശിക ഫണ്ട് വർദ്ധിപ്പിക്കുവാനുള്ള നടപടി തീർച്ചയായിട്ടും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഒരു കാലത്ത് ഗുരുവായൂർ പത്മനാഭന്റെ ഗ്രാമമായിരുന്നു എം.എൽ.എ. ഫണ്ടിന്. പക്ഷേ, ഇന്നതില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അപ്പോൾ പല ജനപ്രതിനിധികളും ഭയപ്പെട്ടാണ് അവരുടെ മണ്ഡലങ്ങളിൽ നിൽക്കുന്നത്. കാരണം ആളുകൾ പറയുന്നത് ചെയ്യാൻകഴിയുന്നില്ല. അതുകൊണ്ട് നാടിന്റെ പ്രാദേശിക വികസനത്തിന്റെ വിഷയമെന്നുള്ള നിലയിൽ വളരെ ഗൗരവമുള്ള ഇക്കാര്യത്തിൽ അനുകൂലമായ നടപടിയെടുക്കണമെന്നതാണ് എന്റെ സബ്മിഷൻ. ഇത് ബഹുമാനപ്പെട്ട ചെയർ ഉൾപ്പെടെയുള്ള ആളുകളുടെ ഒരു വികാരമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, എം.എൽ.എ. ഫണ്ട് വർദ്ധിപ്പിച്ചിട്ടില്ല എന്നുള്ളത് ശരിയാണ്. പക്ഷേ, മറ്റൊരു കാലത്തു മില്ലാത്തവണ്ണം സ്റ്റിമുലസ് പാക്കേജിന്റേയും വിഷൻ 2010-ന്റെയും ഭാഗമായി എം.എൽ.എ.മാർ തീരുമാനിക്കുന്നതുപോലെ അല്ലെങ്കിലും എം.എൽ.എ മാരുടെ ആഗ്രഹങ്ങൾക്ക് ഇത്രയേറെ പരിഗണന ലഭിച്ചിട്ടുള്ള ഒരു കാലവുമില്ല. ഇപ്പോൾ ബഡ്ജറ്റിന്റെ അവസാന ഘട്ടത്തിലാണ്, പ്ലാനുകളൊക്കെ അംഗീകരിച്ചുകഴിഞ്ഞതാണ്. അതുകൊണ്ട് അങ്ങയുടെ ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(6) കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ എന്നിവരുടെ സ്മാരകങ്ങൾ

ശ്രീ. കെ. സി. രാജഗോപാലൻ: സർ, മധ്യതിരുവിതാംകൂറിലെ സാമൂഹ്യപ്രവർത്തകരായിരുന്ന കുറുമ്പൻ ദൈവത്താനും കണ്ഠൻ കുമാരനും അന്ത്യവിശ്രമം കൊള്ളുന്നത് ആറന്മുള മണ്ഡലത്തിലെ ആറന്മുള പഞ്ചായത്തിലാണ്. ശ്രീമൂലം പ്രജാസഭ അംഗങ്ങളും അതുപോലെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസത്തിനും ജാതിക്കെതിരായിട്ടുള്ള പോരാട്ടത്തിനും ക്ഷേത്രപ്രവേശനത്തിനുമെല്ലാം നേതൃത്വം കൊടുത്ത ഈ രണ്ട് മഹത് വ്യക്തികളും അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം സ്മാരകമായി ഏറ്റെടുത്ത് സംരക്ഷിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ശ്രീ. കെ. സി. രാജഗോപാലൻ ഉന്നയിച്ചിട്ടുള്ള വിഷയം തിരുവിതാംകൂറിലെ സാമൂഹ്യ പരിഷ്ക്കർത്താക്കളായിരുന്ന അധഃസ്ഥിതരുടെ ഉന്നമനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി മധ്യതിരുവിതാംകൂറിൽ ഒട്ടേറെ പോരാട്ടങ്ങളും ഇടപെടലുകളും നടത്തിയിട്ടുള്ള, ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായി നോമിനേറ്റ് ചെയ്യപ്പെട്ടിരുന്ന കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ ഇവരുടെ സ്മാരകങ്ങൾ സംരക്ഷിക്കണമെന്നും അതിന് ഉചിതമായ നടപടി ഗവൺമെന്റ് കൈക്കൊള്ളണമെന്നുമാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഇത്തരത്തിലൊരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചത് അദ്ദേഹത്തിന്റെ ഒരു നിർദ്ദേശമായി പരിഗണിച്ചു കൊണ്ട് അത് നടപ്പിലാക്കാൻ വേണ്ടി സാംസ്ക്കാരിക വകുപ്പ് അടിയന്തരമായി നടപടികൾ കൈക്കൊള്ളുന്നതാണ്.

(7) കരമന - കളിയിക്കാവിള നാഷണൽ ഹൈവേയിലെ അപകടങ്ങൾ

ശ്രീ. എൻ. ശക്തൻ: സർ, നമ്മുടെ സംസ്ഥാനത്ത് കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതയിലാണ് ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത്. അവിടെ റോഡപകടങ്ങൾ ഉണ്ടാകാത്ത ഒരു ദിവസംപോലുമില്ല. മുമ്പൊക്കെ ഒന്നും രണ്ടും പേരാണ് മരിക്കുന്നതെങ്കിൽ